**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **12-02-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസം വകുപ്പിന്റെ ഐ.സി.ടി. സൊല്യൂഷൻ പ്രൊവൈഡർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വകുപ്പിന്റെ ഐ.സി.ടി. സൊല്യൂഷൻ പ്രൊവൈഡർ ആയ കമ്പനിക്ക് ധനകാര്യ വകുപ്പിന്റെയും എ.ജി.യുടെയും നിബന്ധനകൾക്ക് വിരുദ്ധമായി കരാർ ജോലികൾക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മുൻകൂറായി കരാർ ജോലിക്ക് പണം നൽകുമ്പോൾ ആ ജോലി പൂർത്തിയാക്കി സമർപ്പിക്കേണ്ട സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പദ്ധതി നിർവ്വഹണത്തിനായി മുൻകൂർ തുക അനുവദിക്കുന്ന ഉത്തരവിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരണത്തിന് പ്രത്യേക നിബന്ധന നൽകാറില്ലെങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് പൊതുവായ നിർദ്ദേശം നൽകാറുണ്ട്. |
| (സി) | വർക്ക് അഡ്വാൻസ് വാങ്ങിയതിന് ശേഷം വർക്കുകൾ തീർക്കാൻ വലിയ കാലതാമസം വരുത്തിയ കമ്പനിക്കെതിരെ നാളിതുവരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പദ്ധതി നിർവ്വഹണത്തിനായി മുൻകൂർ തുക അനുവദിക്കുന്ന ഉത്തരവിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരണത്തിന് പ്രത്യേക നിബന്ധന നൽകാറില്ലെങ്കിലും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് പൊതുവായ നിർദ്ദേശം നൽകാറുണ്ട്. |
| (ഡി) | ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ സിൽവർ ജൂബിലി വർഷം ആയിരുന്ന 2023ൽ ഒരു വീഡിയോയും തീം സോങ്ങും തയ്യാറാക്കുന്നതിനുള്ള അഡ്വാൻസ് ആയി 2022ൽ പ്രസ്തുത കമ്പനിയ്ക്ക് പണം നല്കിയിരുന്നോ; വീഡിയോയും തീം സോങ്ങും കമ്പനി ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ; | (ഡി) | വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിന്റെ സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് തീം സോംഗ് വീഡിയോ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ കമ്പനിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിന്റെ സിൽവർ ജൂബിലിയുമായി ബന്ധപ്പെട്ട് തീം സോംഗ് വീഡിയോ പൂർത്തീകരിച്ചിട്ടുണ്ട് |
| (എഫ്) | പ്രസ്തുത കമ്പനിയുടെ കരാർ 2024 ജൂണിൽ അവസാനിച്ചെങ്കിലും അഡ്വാൻസ് ആയി വൻ തുക നൽകിയതിനാൽ കരാർ കാലാവധി ആറ് | (എഫ്) | പ്രസ്തുത കമ്പനിയുടെ കരാർ 2024 ജൂണിൽ അവസാനിച്ചെങ്കിലും ഈ കമ്പനിയെ വീണ്ടും പുനർ നിയമിക്കാൻ തീരുമാനിച്ചിട്ടില്ല . പുതിയ ടെണ്ടർ |

| | | | |
|---|---|---|---|
| | മാസത്തിലധികം നീട്ടിയത് ക്രമ വിരുദ്ധമല്ലേയെന്ന് വ്യക്തമാക്കാമോ; ഈ കമ്പനിയെ വീണ്ടും പുനർ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ക്ഷണിച്ച് പുതിയ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്ന നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും യോഗ്യതയുള്ള അനുയോജ്യമായ ICT സൊല്യൂഷൻ പ്രൊവൈഡർമാരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രോപ്പോസൽ ക്ഷണിക്കുന്നതിനും 16.03.2024 തീയതിയിലെ സ.ഉ.(സാധാ)നം.162/2024/TSM പ്രകാരം ഉത്തരവ് ആയിട്ടുണ്ട്. അതുപ്രകാരം 05.10.2024 ലെ B2/98/2024/Tour നം. സർക്കാർ കത്ത് പ്രകാരം വിനോദസഞ്ചാര വകുപ്പിന് വേണ്ടി പുതിയ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനായി തയ്യാറാക്കിയ റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിനു സർക്കാർ അംഗീകാരം നൽകുകയും ചെയ്തു.<br><br>ഇ-വാർത്താ കുറിപ്പുകളുടെ പ്രസിദ്ധീകരണം, വ്യാപാരഫെയറുകൾ/ ഇവെന്റുകൾ/ ആഘോഷങ്ങൾ/ ടൂറിസം വിപണനാധിഷ്ഠിത മത്സരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വെബ് സൈറ്റ് അറിയിപ്പുകൾ, ടെൻഡർ പ്രസിദ്ധീകരണം, ടൂറിസം വ്യവസായ ഉൽപ്പന്നങ്ങളുടെ നിരീക്ഷണം എന്നിവ തടസം കൂടാതെ നടക്കേണ്ടത് ടൂറിസം വകുപ്പിനെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. കൂടാതെ ഏപ്രിൽ -മെയ് മാസങ്ങളിൽ ലോക് സഭാ ഇലക്ഷൻ സംബന്ധിച്ച പെരുമാറ്റ ചട്ടം ബാധകമായതിനാൽ സമയബന്ധിതമായി പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് താമസം നേരിട്ടിരുന്നു.<br><br>പുതിയ ഐസിടി സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായതിനാലും കേരള ടൂറിസം വെബ് സൈറ്റിന് നിരന്തരമായ അപ്ഡേറ്റും പരിപാലനവും ആവശ്യമായതിനാലും വകുപ്പിനെ സംബന്ധിച്ച പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുന്നതിലേയ്ക്ക്, നിലവിലുള്ള ഐസിടി സൊല്യൂഷൻ പ്രൊവൈഡറുടെ കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടത് അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ പുതിയ ICT സൊല്യൂഷൻ പ്രൊവൈഡറെ തിരഞ്ഞെടുക്കുന്ന നടപടിക്രമം പൂർത്തിയാക്കി പുതിയ കരാർ ഒപ്പിടുന്നത് വരെ, നിലവിലെ ICT സൊല്യൂഷൻ പ്രൊവൈഡറുടെ കാലാവധി, ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പുതിയ ഐസിടി സൊല്യൂഷൻ പ്രൊവൈഡറെ |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ട ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രീ-ക്വാളിഫിക്കേഷൻ ക്രൈറ്റീരിയ നേടിയ ഏജൻസികളെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. തുടർന്ന് ഏജൻസികളുമായി പ്രീ ബിഡ് മീറ്റിംഗ് പൂർത്തിയാക്കിയ ശേഷം ഫിനാൻഷ്യൽ ബിഡും ടെക്നിക്കൽ ബിഡും സമർപ്പിക്കുന്നതിനായി ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ